# ഗവ. യു. പി. സ്കൂൾ ഉപ്പുതോട്

**gupsupputhodu@gmail.com**

## 2025-26

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ഉള്ളടക്കം

1. ലക്ഷ്യങ്ങൾ

2. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

3. പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

4. നിലവിലെ അവസ്ഥ വിശകലനം

5. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

6. പദ്ധതി വിശദാംശങ്ങൾ7. ഉപസംഹാരം

### ലക്ഷ്യങ്ങൾ

1. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. അതിന്റെ ഭാഗമായി ഈ വർഷം സമഗ്ര ഗുണമേന്മ വർഷമായി പരിഗണിക്കുന്നു

2. വിവേകവും വിവേചന ബുദ്ധിയും സഹജീവി സ്നേഹവും വിമർശനാത്മക ബുദ്ധിയും കുട്ടികളിൽ വികസിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

3. ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട വ്യക്തി ശുചിത്വം പരിസര ശുചിത്വം എന്നിവയിലൂന്നി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

4. മയക്കുമരുന്ന് ലഹരിക്കെതിരായ പ്രവർത്തനങ്ങൾ, റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ അറിയേണ്ട കാര്യങ്ങൾ എന്നിവയെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക.

5. പൊതുമുതൽ സംരക്ഷണം നിയമാവബോധം കാലാവസ്ഥാ മുൻകരുതൽ മാലിന്യ നിർമാർജന അവബോധം എന്നിവ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക .

6. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ, ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ഉൾപ്പെടെ പ്രയോജനപ്പെടുത്താവുന്ന ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക.

7. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർഥി സംഘങ്ങൾ രൂപീകരിക്കൽ.

8. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

9. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

10. വിവരവിനിമയ സാങ്കേതികവിദ്യയിലെ അടിസ്ഥാന ധാരണകൾക്കൊപ്പം അവയുടെ ഫലപ്രദമായ ഉപയോഗവും കുട്ടികൾ സ്വാംശീകരിച്ചു എന്ന് ഉറപ്പുവരുത്തുക.

11. ജനാധിപത്യത്തിന്റെ അടിസ്ഥാന ആശയങ്ങൾ സ്ത്രീപുരുഷ സമത്വം മതേതര ത്വം, മാനവികത, നേതൃത്വശേഷി, തിന്മകളോടും വിവേചനങ്ങളോടുമുള്ള നിലപാടുകൾ എന്നിവ വളർത്താനുള്ള പരിശീലന കളരിയായി വിദ്യാലയത്തെ മാറ്റിയെടുക്കുക.

12. പൂർവ്വ വിദ്യാർത്ഥികളെയും മറ്റ് വിദ്യാഭ്യാസ തൽപരരെയും സ്കൂൾ വികസന പ്രവർത്തനങ്ങളിൽ കണ്ണികളാക്കും. വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കുവയ്ക്കും.

13. എല്ലാ കുട്ടികൾക്കും സ്വയം പ്രതിരോധശേഷി പരിശീലനം ഉറപ്പാക്കും.

14. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

15. ദിനാചരണങ്ങൾ യാന്ത്രികമാകാതെ അർദ്ധ പൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

# വിദ്യാലയം മികവിന്‌റെ കേന്ദ്രം - കാഴ്ചപ്പാട്

1. പൂർണ്ണമായും പൂർണ്ണമായും വിദ്യാർത്ഥി കേന്ദ്രീകൃതമായ പഠനപ്രക്രിയ പിന്തുടരുന്നു.

2. ഓരോ ക്ലാസിലും ആർജിക്കേണ്ട പഠനനിലവാരം ഉറപ്പാക്കി മാത്രം കുട്ടികൾ അടുത്ത ക്ലാസിലേക്ക്.

3. ടി നിലവാരത്തിൽ എത്താത്തവർക്ക് ആയി പ്രത്യേക പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നു.

4. മാതൃഭാഷ നന്നായി വായിക്കുകയും തെറ്റ് കൂടാതെ എഴുതുകയും തനത് ശൈലിയിൽ സ്വതന്ത്ര രചനകൾ നടത്തുകയും ചെയ്യുന്ന നാലാം ക്ലാസുകാർ.

5. മലയാളത്തോടൊപ്പം ഇംഗ്ലീഷിലും ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്ന നാലാം ക്ലാസുകാർ.

6. മലയാളം ഇംഗ്ലീഷ് ഹിന്ദി എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്ന ഏഴാം ക്ലാസ് വിദ്യാർത്ഥികൾ.

7. ശാസ്ത്ര പഠനത്തിന്‌റെ രീതി സ്വായത്തമാക്കിയ വിദ്യാർത്ഥികൾ സ്വയം പഠന രീതിശാസ്ത്രം ഉപയോഗിക്കുന്നവർ ധാരാളം ചോദ്യം ചോദിക്കുന്നവർ ഉത്തരങ്ങൾ നിരീക്ഷിച്ചും പരീക്ഷിച്ചും പുസ്തകങ്ങളും ഇന്‌റർനെറ്റും പരിശോധിച്ചു കണ്ടെത്തുന്നവർ.

8. ജനാധിപത്യത്തിന്‌റെ രീതികളും മാനവികതയും ത്യാജ്യ ഗ്രാഹ്യ വിവേചന ബുദ്ധിയും ജീവിതത്തിന്‌റെ ഭാഗമാക്കിയവർ നമ്മുടെ കുട്ടികൾ. കാർഷിക സംസ്കാരത്തെ ജീവിതത്തിന്‌റെ ഭാഗമാക്കി മാറ്റിയ കുട്ടികൾ പ്ലാസ്റ്റിക് കീടനാശിനി ലഹരി വിമുക്തമാക്കി വിദ്യാലയത്തെ പരിപാലിക്കുന്നവർ, പരിസ്ഥിതി പരിസ്ഥിതി സംരക്ഷണ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ തനതു മാതൃകകൾ വികസിപ്പിച്ചെടുക്കുന്ന വിദ്യാർത്ഥികൾ, നാടിനെയും അങ്ങനെ മാറ്റി തീർക്കാൻ പരിശ്രമിക്കുന്നവർ.

9. മേൽപ്പറഞ്ഞ ശേഷികൾ ആർജിക്കുവാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം ലഭ്യമായ വിദ്യാലയം, കലാകായിക പ്രവർത്തി പരിചയ പരിശീലനവും സർഗ്ഗശേഷി വികസനത്തിനും ഉതകുന്ന വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തിയ വിദ്യാലയം. ഇവച്ചി ഇവ ചിട്ടയായി ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ആവശ്യമായ മനുഷ്യ വിഭവ ശേഷിയും സാമ്പത്തിക സ്രോതസ്സുകളും സജ്ജമായ വിദ്യാലയം.

10. ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം പൂർണതോതിൽ നടപ്പിലാക്കിയ വിദ്യാലയം.

## പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

1. എസ്.ആർ ജി യോഗത്തിൽ ഉപ്പുതോട് സ്കൂൾ വിഷൻ 2025 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2. വികസന ആവശ്യങ്ങൾ ക്ലാസ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം- അക്കാദമികം, സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3. കരട് രൂപരേഖ എസ് ആർ ജി, എസ് എം സി, പിടിഎ, എം പി ടി എ, ഒ എസ് എ, എസ് ഡി സി, രാഷ്ട്രീയ സംഘടന പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5. പിടിഎ നേതൃത്വത്തിൽ ക്രോഡീകൃത കരടുരേഖ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥ വിശകലനം

### ഭൗതികം- നേട്ടങ്ങൾ

1. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് സംസ്ഥാന ഗവൺമെന്റ്, ബഹുമാനപ്പെട്ട ഇടുക്കി എംഎൽഎ. ശ്രീ റോഷി അഗസ്റ്റിൻ മുഖേന ഒരു കോടി രൂപ അനുവദിച്ചു. ബഹുമാനപ്പെട്ട മുൻ ഇടുക്കി എം പി. ശ്രീ ജോയ്സ് ജോർജ് സ്കൂൾ വാനിനായി എട്ടു ലക്ഷം രൂപയും കമ്പ്യൂട്ടറുകളും ലൈബ്രറി പുസ്തകങ്ങളും അനുവദിച്ചു.

## ഭൗതികം- പരിമിതികൾ

1. സ്കൂളിന് സംരക്ഷണഭിത്തി ഇല്ലാതെ അപകട ഭീഷണി ഉയർത്തുന്നു. ചുറ്റുമതിൽ ഇല്ല, കവാടമില്ല. വാഹന ഷെഡ്ഡ് നിർമ്മിക്കേണ്ടതുണ്ട്. ഭോജനശാല ആവശ്യമാണ്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളിസ്ഥലം പുനർ നിർമ്മിക്കേണ്ടതാണ്.

## അക്കാദമികം- നേട്ടങ്ങൾ

1. തുടർച്ചയായി 10 വർഷങ്ങളിൽ എൽ എസ് എസ്, യുഎസ്എസ് പരീക്ഷയിൽ കുട്ടികൾ വിജയം കൈവരിക്കുന്നു. ഗണിത അഭിരുചി പരീക്ഷയായ ന്യൂമാസിൽ സെലക്ഷൻ ലഭിക്കുന്നു. വിവിധ ക്വിസ് മത്സരങ്ങളിൽ മികച്ച വിജയം കൈവരിക്കുന്നു. സബ്ജില്ലാ കലാമേളയിൽ കുട്ടികൾ മികച്ച വിജയം കൈവരിക്കുന്നു. ദേശാഭിമാനിയുടെ നേതൃത്വത്തിൽ നടന്ന അക്ഷരമുറ്റം ക്വിസ് മത്സരത്തിൽ കുട്ടികൾ മികച്ച വിജയം നേടി.

## അക്കാദമികം- പരിമിതികൾ

വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടത് ഉണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരണം, ലാബുകൾ ആധുനിക വൽക്കരിക്കണം. കലാകായിക പ്രവർത്തി പരിശീലനത്തിന് അധ്യാപകരുടെ സേവനം ലഭ്യമാകുന്നില്ല.

## അക്കാദമികം ലക്ഷ്യമിടുന്നത്

ഉപ്പുതോട് ഗവൺമെന്റ് സ്കൂളിലെ കുട്ടികളെ ഐഎഎസ്, ഐപിഎസ് നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള എല്ലാ കുട്ടികൾക്കും ദിവസവും ജികെ പരിശീലനം നൽകുന്നു. കുട്ടികളെ വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തുന്നതിന് - തോരാ വായന

ലൈബ്രറി പുസ്തകം വായന - വായനാക്കുറിപ്പ് തയ്യാറാക്കൽ- അവതരണം, പത്രവായന എന്നിവ തുടരുന്നു.

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## . അക്കാദമികം

1. ഭാഷ ശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠന പരിപോഷണം
4. ശാസ്ത്ര പോഷണ പരിപാടി
5. വായന പരിപോഷണം
6. ലൈബ്രറി ശാക്തീകരണം
7. ജൈവവൈവിധ്യ പാർക്ക്
8. പഠനയാത്രകൾ
9. കലാകായിക മേള
10. അധ്യാപക ശാക്തീകരണം
11. ക്ലാസ് പിടിഎ സജീവമാക്കൽ
12. ശാസ്ത്ര അഭിരുചി വളർത്തൽ
13. പച്ചക്കറി തോട്ടം
14. വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ
15. സഹവാസ ക്യാമ്പുകൾ
16. ജികെ പരിപോഷണം
17. ദിനാചരണങ്ങൾ
18. പോഷകാഹാരം പരിപാടി

19. ടേം മൂല്യനിർണയം നിരന്തര വിലയിരുത്തൽ

20. ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ.

## ഭൗതികം

1 ചുറ്റുമതിൽ, ഗേറ്റ്

2. സംരക്ഷണഭിത്തി

3. കളിസ്ഥലം

4. ചിൽഡ്രൻസ് പാർക്ക്

5. വിശ്രമമുറി

6. ലൈബ്രറി

7. അടുക്കള

8. ഡൈനിങ്

9. ജന്മദിന പുസ്തകം/ ചെടി

10. ചിത്രരചന

11. എന്റെ വീട്ടിലെ കൃഷിത്തോട്ടം

12. ഭാഷോത്സവം

13. ശുചിത്വവും ആരോഗ്യവും

14. പിറന്നാൾ രുചി

## സാമൂഹികം

1. പിടിഎ ശക്തിപ്പെടുത്തൽ

2. എസ് എം സി

3. എസ് എം ഡി സി

4. എസ് എസ് ജി

5. വിദ്യാലയ വികസന സമിതി

6. പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം

7. എസ് എസ് ജി എൽ എസ് ജി ബന്ധം

8. ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പ്രവർത്തകർ മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.

9. വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ

10. പഠനക്കൂട്ടം

11. ഭവന സന്ദർശനം

12. ക്ലാസ് പിടിഎ- മാതൃകാപരം.

## ഉപസംഹാരം

നവ ലിബറൽ സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാവുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.